# പൂർണ്ണശ്രീ


പുസ്തകം 18 ലക്കം 4 ഏപ്രിൽ 2024 വില ₹5

ടിബിഎസ് പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ്– പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരണം



## സമ്മാനപ്പൊതി സീസൺ 8 പ്രകാശനം ചെയ്തു

# സർഗ്ഗാത്മകധന്യതകൾ




## യു.കെ.കുമാരന്റെ
## സമ്പൂർണ്ണകഥകൾ

വൈവിധ്യമാർന്ന കാലദേശങ്ങളെ ഉൾക്കൊള്ളുന്ന
112 കഥകളുടെ ബൃഹദ് സമാഹാരം!

പഠനം : ഡോ. രാജേന്ദ്രൻ എടത്തുംകര

ഹാർഡ് ബൗണ്ട് / ഡീലക്സ് പതിപ്പ് / 800 പേജ്

**മുഖവില 1000/-**

**പ്രത്യേകവില**
**650/- മാത്രം**

9746473334ൽ
വിളിക്കൂ
പുസ്തകം വീട്ടിലെത്തും
(തപാൽ ചാർജ് സൗജന്യം)

---




₹70

## സ്നേഹമതിലുകൾ
### എച്ച്മുക്കുട്ടി

'നമ്മുടെ നാട്ടിലെ കുടുംബഭദ്രത കുടികൊള്ളുന്നത്
അധികപങ്കും പെണ്ണുങ്ങളുടെ മൗനത്തിലാണല്ലോ'

'ഇതെന്റെ രക്തമാണിതെന്റെ മാംസമാണെടുത്തുകൊൾക'
എന്ന പ്രശസ്തകൃതിയുടെ രചയിതാവിന്റെ
വൈവിധ്യമാർന്ന നോവൽ.

നോവൽ

**ഉടൻ പ്രസിദ്ധീകരിക്കുന്നു !**
**എച്ച്മുക്കുട്ടിയുടെ ഏറ്റവും പുതിയ നോവൽ**
**'പതിനെട്ട്'**

**പൂർണ പബ്ലിക്കേഷൻസ്**
**ഫോൺ : 9746473334**
www.tbsbook.com



# ജില്ലാ ലൈബ്രറി കൗൺസിൽ മേളകൾക്ക് 'പൂർണ' ഒരുങ്ങുന്നു


സമീപഭാവിയിൽ കേരളത്തിലെ പതിനാല് ജില്ലകളിലും നടക്കുമെന്ന് കരുതപ്പെടുന്ന ലൈബ്രറി കൗൺസിൽ ജില്ലാതല പുസ്തകമേളകൾക്കായി 'പൂർണ' ഒരുങ്ങിക്കഴിഞ്ഞു. ചെറുതും വലുതുമായ കനപ്പെട്ട മലയാള പുസ്തകങ്ങൾക്കൊപ്പം പ്രശസ്ത വൈദേശിക കൃതികളുടെ പരിഭാഷകളും 'പൂർണ' മേളകളിൽ എത്തിയ്ക്കുന്നുണ്ട്. കഴിഞ്ഞ മേളകൾക്കുശേഷം ഉൾക്കരുത്താർന്ന നൂറിലേറെ പുതിയ പുസ്തകങ്ങളാണ് ഞങ്ങൾ പ്രസിദ്ധീകരിച്ചത്.

യു. കെ. കുമാരന്റെ സമ്പൂർണകഥകൾ, സമ്മാനപ്പൊതി സീസൺ 8, സൽമയുടെ 'ബാല്യം', എച്ച്മുക്കുട്ടിയുടെ 'സ്നേഹമതിലുകൾ', വി. ജയദേവന്റെ 'ഭൂമിവിലാസം', പി. വത്സലയുടെ ഓർമ്മപ്പുസ്തകമായ 'വാത്സല്യം', പാവേൽ കൂഹോട്ടിന്റെ 'വനിത ആരാച്ചാർ' തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്. ബാലസാഹിത്യകൃതികളുടെ മലയാള പരിഭാഷകളും ഇക്കൂട്ടത്തിൽപ്പെടുന്നു. 'സമ്മാനപ്പൊതി സീസൺ 8' ഇക്കുറി 22 മികച്ച രചനകളുമായാണ് പുറത്തിറങ്ങിയത്. മലയാള ബാലസാഹിത്യചരിത്രം, ബാലകഥാസാഗരം, ബുദ്ധവെളിച്ചം എന്നീ ബൃഹദ്ഗ്രന്ഥങ്ങളും മേളകളിലുണ്ടാവും. ഗ്രന്ഥശാലാപ്രവർത്തകരെ സ്നേഹപൂർവ്വം മേളകളിലെ 'പൂർണ' സ്റ്റാളുകളിലേക്ക് ക്ഷണിക്കുന്നു.

**– എൻ. ഇ. മനോഹർ**


# പൂർണ്ണശ്രീ

ഏപ്രിൽ 2024 പുസ്തകം 18 ലക്കം 4


## ഈ ലക്കത്തിൽ വായിക്കുക


**ആഹ്ലാദനിറവിൽ സമ്മാനപ്പൊതി** 4
**സീസൺ 8' പ്രകാശനം**

കഥ
**കൊടിക്കുചുറ്റും** 10
ഉറൂബ്

**കവിയച്ഛന്റെ പൂരകസ്മൃതികൾ** 14
ഇ.പി.രാജഗോപാലൻ

കവിത
**അമ്മത്തോന്നൽ** 17
കാവാലം ശശികുമാർ



മാനേജിംഗ് എഡിറ്റർ
**എൻ.ഇ.മനോഹർ**
ചീഫ് എഡിറ്റർ
**ഡോ.കെ.ശ്രീകുമാർ**
എഡിറ്റർ
**അഞ്ജലി രാജീവ്**

**പത്രാധിപസമിതി**
ഡോ.കെ.വി.തോമസ്
സുരേഷ് ഇ.പി.
സുഷമകുമാരി കെ.
ഷീബ മുരളീധരൻ
മിനി അനിൽ
അനൂപ് എം.പി.

ടൈപ്പ് സെറ്റിംഗ്
പ്രസീത എം.
ലിജി.ടി.കെ.

ലേ ഔട്ട് & കവർ ഡിസൈനിംഗ്
സുബിൻ യുവ

218(4-2024)a.o.e

**POORNASREE MONTHLY, POORNA PUBLICATIONS** TBS Building, G H Road, Kozhikode-673001, Ph: 9656000373,0495-2721025, 2720085
email: poornapublicationeditor@gmail.com Web: tbsbook@gmail.com
Branches: Kalpetta: Main Road, Ph: 04936-203842,
Thiruvananthapuram: Statue Jn. Ph: 0471-2570504 facebook/poornapublications



# ആഹ്ലാദനിറവിൽ സമ്മാനപ്പൊതി സീസൺ 8 പ്രകാശനം

**തു**ടർച്ചയായ എട്ടാം വർഷവും മികച്ച ബാലസാഹിത്യരചനകൾ ഉൾപ്പെടുത്തി 'പൂർണ സമ്മാനപ്പൊതി' പുറത്തിറങ്ങി. 2017 മുതൽ ആരംഭിച്ചതാണ് 'സമ്മാനപ്പൊതി' എന്ന പൂർണ ബാലസാഹിത്യമാല. ഇക്കുറി വൈവിധ്യപൂർണ മായ 22 രചനകളാണ് പുസ്തകസഞ്ചയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡോ. കെ. ശ്രീകുമാ റാണ് ജനറൽ എഡിറ്റർ. തിങ്ങിനിറഞ്ഞ ആസ്വാ ദകർക്കുമുന്നിൽ ചലച്ചിത്രതാരവും എഴുത്തു കാരനും 'സമ്മാനപ്പൊതി' ഗ്രന്ഥകാരനുമായ വി. കെ. ശ്രീരാമൻ, കോഴിക്കോട് അളകാപുരി ഓഡിറ്റോറിയത്തിൽ പുസ്തകസഞ്ചയം പ്രകാ ശനം ചെയ്തു. എഴുത്തുകാരിയും അധ്യാപിക യുമായ മൈന ഉമൈബാൻ പുസ്തകം ഏറ്റുവാ ങ്ങി.

ലോകത്തെക്കുറിച്ചുള്ള അടിസ്ഥാനവിജ്ഞാ നം ഇന്നത്തെ കുട്ടികൾക്ക് ഉണ്ടാവണമെന്നും ലോകമെന്തെന്ന് അറിയാനുള്ള സാഹചര്യം പുതുതലമുറയ്ക്കായി സമൂഹം ഒരുക്കണമെ ന്നും വി. കെ. ശ്രീരാമൻ അഭിപ്രായപ്പെട്ടു. സമൂ ഹം അപകടം പിടിച്ചതാണെന്ന് വരുത്തിത്തീർ ക്കാൻ ശ്രമം നടക്കുന്ന ഇക്കാലത്ത് കുട്ടികൾ സുഹൃത്തുക്കളില്ലാതെ മൊബൈലിനെ മാത്രം ആശ്രയിച്ചു നിൽക്കുന്ന സ്ഥിതിയാണ്. ലോ






കത്തെ നിരീക്ഷിച്ച് അത് എങ്ങനെയാണ് വളരുന്നതെന്ന് അറിയാനുള്ള അവസ്ഥ ഇന്നത്തെ കുട്ടികൾക്കില്ല. മനുഷ്യരുമായി ഇടപഴകി അനുഭവവും അറിവും സമ്പാദിക്കാനുള്ള അവസരമാണ് അവർക്കുണ്ടാവേണ്ടതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഗായികയും അഭിനേത്രിയും സാമൂഹ്യപ്രവർത്തകയുമായ ഡോ. അമ്പിളി ശ്രീനിവാസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. എൻ. പി. ഹാഫിസ് മുഹമ്മദ് അധ്യക്ഷത വഹിച്ചു. ആഗ യാമി, അമൻ ഷസിയ അജയ്, എൻ. ജി. സുരേഷ് കുമാർ, രാജേഷ് ചാലോട്, അനിത ജിതിൻ, എൻ. ഇ മനോഹർ എന്നിവർ സംസാരിച്ചു. 'സമ്മാനപ്പൊതി സീസൺ 8'ലെ എഴുത്തുകാരും ചടങ്ങിൽ സംബന്ധിച്ചു.

2000 രൂപ മുഖവിലയുള്ള 'സമ്മാനപ്പൊതി സീസൺ 8' ആദ്യം വാങ്ങുന്ന 250 പേർക്ക് 1500 രൂപയ്ക്ക് ലഭിക്കും. 9746473334 എന്ന നമ്പറിൽ വിളിച്ചാൽ തപാൽ ചാർജ് സൗജന്യമായി പുസ്തകം ലഭിക്കും. www.tbsbook.com എന്ന സൈറ്റിലൂടെ ഓൺലൈനിലും പുസ്തകം വാങ്ങാം. ഗ്രന്ഥശാലകൾക്ക് അർഹമായ വിലക്കിഴിവും ലഭിക്കും. എട്ടു സീസണുകളിലായി 115 പുസ്തകങ്ങൾ ഇതുവരെ 'സമ്മാനപ്പൊതി'യിലൂടെ പുറത്തുവന്നു.




വി.കെ. ശ്രീരാമൻ



ഡോ. എൻ. പി. ഹാഫിസ് മുഹമ്മദ്



ഡോ. അമ്പിളി ശ്രീനിവാസ്



മൈന ഉമൈബാൻ





രാജേഷ് ചാലോട്



എൻ. ജി. സുരേഷ് കുമാർ




അനിത ജിതിൻ







മലയത്ത് അപ്പുണ്ണി



ഡോ.കെ.ശ്രീകുമാർ



എൻ.ഇ.മനോഹർ



ജനു



രമേഷ് വട്ടിങ്ങാവിൽ



ഇ. ജിനൻ



സുനിൽ പി. മതിലകം



ബീന മേലഴി



രാധികാദേവി റ്റി. ആർ



സി. സാന്ദീപനി



ഷസിയ



അഞ്ജലി രാജീവ്



ഡോ. സുഷമ ബിന്ദു



അമൻ ഷസിയ അജയ്



ആഗ്ന യാമി



# ബാലസാഹിത്യസംവാദങ്ങളാൽ സജീവമായി 'പ്രതിഭാസംഗമം'



'സമ്മാനപ്പൊതി സീസൺ 8' പ്രകാശനച്ച ടങ്ങിന്റെ ഭാഗമായി സമ്മാനപ്പൊതി എഴുത്തുകാരും അണിയറപ്രവർത്തകരും അണിനിരന്ന 'പ്രതിഭാസംഗമം' ശ്രദ്ധേയമായി. സമകാലിക ബാലസാഹിത്യഭൂമികയെക്കുറിച്ചുള്ള വൈവിധ്യപൂർണവും ആരോഗ്യകരവുമായ സംവാദങ്ങളാൽ അത് സജീവമായി. ബാലസാഹിത്യ പുസ്തകങ്ങളുടെ ഉള്ളടക്കം, ചിത്രീകരണം, രൂപകല്പന എന്നിവ ചർച്ചാവിഷയമായി. വർത്തമാനകാല ബാലസാഹിത്യം പുതിയ കാലത്തെ കുട്ടികളെ മുന്നിൽക്കണ്ട്, അവരോട് നീതിപുലർത്തി തയ്യാറാക്കുന്നതാവണമെന്ന് അഭിപ്രായമുയർന്നു. എട്ടുവർഷം തുടർച്ചയായി 'പൂർണ' പ്രസിദ്ധീകരിക്കുന്ന 'സമ്മാനപ്പൊതി' ബാലസാഹിത്യശാഖക്ക് എന്തുകൊണ്ടും മുതൽക്കൂട്ടാണെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

കോഴിക്കോട്ട് അളകാപുരി ഓഡിറ്റോറിയത്തിലാണ് 'പ്രതിഭാ സംഗമം' അരങ്ങേറിയത്. മലയത്ത് അപ്പുണ്ണി, ഡോ. സുഷമ ബിന്ദു, ജനു, സുനിൽ പി. മതിലകം, ഇ. ജിനൻ, ആഗ യാമി, ബീന മേലഴി, അഞ്ജലി രാജീവ്, രമേഷ് വട്ടിങ്ങാവിൽ, രാധികാദേവി റ്റി.ആർ, സി. സാന്ദീപനി, ദക്ഷിണ എസ്.എൻ., എൻ.ജി. സുരേഷ് കുമാർ, രാജേഷ് ചാലോട്, അനിത ജിതിൻ എന്നിവർ ചർച്ചകളിൽ സംബന്ധിച്ചു. സമ്മാനപ്പൊതി ജനറൽ എഡിറ്റർ ഡോ. കെ. ശ്രീകുമാർ മോഡറേറ്ററായി.

●

കഥ

# കൊടിക്കു ചുറ്റും

## ഉറൂബ്

ഒരായിരം സൈ്വരക്കേടുകൾ മനസ്സിനെ അലട്ടിക്കൊണ്ടിരുന്ന ആ സായാഹ്നം മുഷിപ്പനായി തോന്നി. കടക്കാർ മുതൽ ഭാര്യവരെയായി പലരിൽനിന്നും കിട്ടിയ കത്തുകൾ വാരിക്കൂട്ടി മേശയുടെ ഉള്ളിലേക്കു തിരുകി, കുടയും എടുത്ത് പുറത്തേക്കു കടന്നപ്പോൾ, എനിക്കൊരൊറ്റ ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ - ഒരു നല്ല ചായ കുടിക്കണം; കടുപ്പം കൂടിയ ചായ. ഒരു കോപ്പ ചായ, ചിലപ്പോൾ ജീവിതം പൊറുപ്പിക്കാവുന്നതാണെന്നു തോന്നിച്ചേക്കും. ചായ ആദ്യം കണ്ടുപിടിച്ചവനാരാണ്?.... ചായ കണ്ടുപിടിക്കപ്പെട്ടില്ലെങ്കിൽ ആത്മഹത്യയുടെ എണ്ണം വർദ്ധിക്കുമായിരുന്നോ? എന്തോ.....

ഞാൻ പോക്കറ്റു തപ്പിനോക്കി. രണ്ടണയും ഏഴു ചില്ലിയുമുണ്ട്. മോശമില്ല. പക്ഷേ, ഇതു കൊണ്ട് ചായയും, മുറുക്കാനും വാങ്ങാൻ കഴിയുമോ? സാരമില്ല. ചായക്കടക്കാരൻ എമ്പ്രാൻ എനിക്കു കടം തരും. ആ മനുഷ്യൻ എന്നെ ഒരു മാന്യനായി കണക്കാക്കിയിട്ടുണ്ട്. കാശില്ലാത്തേടത്ത് മാന്യത ഒരു നാണയമായി ഉപയോഗപ്പെടുത്താം, ചിലപ്പോൾ.

റോഡിലേക്കിറങ്ങി. സൂര്യൻ പടിഞ്ഞാറോട്ട് ചാഞ്ഞുകഴിഞ്ഞു. പോക്കുവെയിൽ തട്ടി ആ പഴയ ക്ഷേത്രത്തിന്റെ സ്വർണ്ണത്താഴികക്കുടം നിന്നു തിളങ്ങി. അടുത്തുള്ള ബാങ്കിൽനിന്നു ഖദർസില്ക്കിന്റെ ജുബ്ബയണിഞ്ഞ രണ്ടു മൂന്നു കുടവയറന്മാർ ഇറങ്ങിവന്ന് റോഡരികിൽ കാത്തുകിടക്കുന്ന കാറിൽ കയറി ഓടിച്ചു പോയി. ആ വെങ്കളിയിട്ട കാറ് പോക്കുവെയിലേറ്റു തിളങ്ങി. അതു നീങ്ങി നീങ്ങി ഒരു കറുത്ത പൊട്ടു പോലെയായി ആ വഴിച്ചോലയിലേക്കു മറഞ്ഞു.

ഞാൻ ചായപ്പീടികയുടെ അടുത്തേക്കു നടന്നു. പെട്ടെന്ന് ''നില്ക്കൂ മിസ്റ്റർ'' എന്നൊരു വിളി കേട്ടു. നമ്മുടെ സ്കൂൾ മാസ്റ്ററാണ്. ഗ്രഹപ്പിഴ പിടിച്ച ആ നിമിഷത്തിൽ ഒരു പള്ളിക്കൂടം വാദ്ധ്യാന്റെ വിഷാദാത്മകമായ മുഖം കാണണമെന്ന് എനിക്കുണ്ടായിരുന്നില്ല. അദ്ദേഹം ഒരു സ്വകാര്യം പറയാനായി അടുത്തേക്കു വിളിച്ചു. ഞാൻ ചെവിയൊന്നു താഴ്ത്തിക്കൊടുത്തു. ''രണ്ടുറുപ്പിക കടം തരോ? ഒരാഴ്ചയ്ക്കുള്ളിൽ ഗ്രാന്റു കിട്ടും. അപ്പോൾ മടക്കിയെടുക്കാം.''

ഞാൻ എന്റെ ഖജാനയുടെ സ്ഥിതി അദ്ദേഹത്തിനു മനസ്സിലാക്കിക്കൊടുത്തു. ആ മനുഷ്യൻ ഉടനെ തിരിഞ്ഞു നിന്നു ചോദിക്കുകയാണ്: ''ഓ! താൻ വലിയ സാഹിത്യക്കുന്തമെല്ലാമായിട്ട്, രണ്ടുറുപ്പിക എടുക്കാനില്ലേ.''

''എടോ, വാദ്ധ്യാരേ, ഈ സാഹിത്യകാരൻ തന്റെ ഏട്ടനാണ്. തനിക്കൊരു ഗ്രാന്റെങ്കിലും പ്രതീക്ഷിക്കാം. അയാൾക്ക് ഒരൊറ്റ ഒന്നേ പ്രതീക്ഷിക്കാനുള്ളൂ.''

''എന്ത്?''

''ആത്മഹത്യ''

പാവം, റേഷൻ വാങ്ങാൻ തെണ്ടിനടക്കുന്ന ആ സ്കൂൾ മാസ്റ്റർ പിൻതിരിഞ്ഞു; രണ്ടടി നടന്നു. പെട്ടെന്ന് മടങ്ങിവന്നു ചോദിച്ചു:

''തന്റെ കൈയിൽ എന്തുണ്ട്?''

''രണ്ടണ ഏഴു പൈ.''

''ഒരണ തരൂ. ബീഡി മേടിക്കട്ടെ.''

അതു കൊടുത്തപ്പോൾ എന്റെ കൈയിൽ ഒരണ ഏഴു പൈ ബാക്കിയുണ്ടെന്ന് വിഷമിക്കാതെതന്നെ ഞാൻ കണക്കാക്കി.

നല്ലൊരു ചായയും കുടിച്ച്, എമ്പ്രാന്റെ പുസ്തകത്തിൽ കണക്കുമെഴുതി പുറത്തേക്കു കടന്നപ്പോൾ, എന്റെ നെറ്റിയിൽ ഒരു മന്ദമാരുതൻ വന്നു തടവി. ജീവിതം മോശമില്ലാ എന്നു ഞാൻ

വിചാരിക്കുകയും ചെയ്തു.

ഞാൻ റോഡരികിൽ നിന്നുകൊണ്ട്, ഈ വലിയ ലോകത്തെ നോക്കി. അനേകം കൂറ്റൻ കെട്ടിടങ്ങൾ - ബാങ്കുകൾ, ഗുദാമുകൾ, വൈദ്യശാലകൾ, കാപ്പിപ്പൊടിയുണ്ടാക്കുന്ന സ്ഥലം, അമ്പലം, ഫാക്ടറികൾ. എന്തെല്ലാമുണ്ട്. അവയ്ക്കെല്ലാം നടുവിലായി വീതികുറഞ്ഞ് ഉയരം കൂടിയ ഒരു കെട്ടിടം തലയുയർത്തിനില്ക്കുന്നു. അതു മുനിസിപ്പൽ കെട്ടിടമാണ്. ഒറ്റക്കൈ പൊക്കിയപോലെ ഉയർന്നുകാണുന്ന അതിന്മേൽ ഒരു റിസ്റ്റു വാച്ചുണ്ട്. എന്നുവെച്ചാൽ ഒരു ടവർ ക്ലോക്ക്. അതിനും മേലെ ഒന്നുണ്ട് - പാറിക്കളിക്കുന്ന കൊടി. ആ കൊടി കണ്ടപ്പോൾ ഞാൻ കുറച്ചുനേരം നോക്കിനിന്നു. അതു സ്വാതന്ത്ര്യത്തിന്റെ അടയാളമാണ്. അതങ്ങനെ ഉയർന്നു പാറിക്കളിക്കണം. എത്ര പേർ ഇതിന്നു വേണ്ടി നരകിച്ചിട്ടുണ്ട്. ജ്യേഷ്ഠന്നു മൂന്നു തവണ ജയിലിൽ പോകേണ്ടിവരികയും, പോലീസുകാരന്റെ ഇടിയേറ്റ് മൂന്നു പല്ല് കൈമോശം വരികയും ചെയ്തിട്ടുണ്ട്. സാഹിത്യകാരനായ എന്റെ ഒരു സുഹൃത്ത് മുട്ടുമടക്കിയിട്ടുള്ള പതിനെട്ട് ഇടി ബോധപൂർവം എണ്ണിയിട്ടുണ്ട്. അപ്പോഴേക്കും ബോധം കെട്ടുപോയി. ദൂരെ ഗ്രാമത്തിൽ കിടക്കുന്ന എത്ര അമ്മമാരുടെ എത്ര മക്കൾ ഇതിന്നു വേണ്ടി തല കൊടുത്തിട്ടുണ്ട്. ഇതിന്നു ചുറ്റും എന്തെല്ലാം സംഭവിച്ചിട്ടുണ്ട്. മഹത്തായ കൊടി.

എനിക്കു 'വന്ദേമാതരം' പാടാൻതന്നെ തോന്നി.

പെട്ടെന്ന് കിഴക്കുപുറത്തുനിന്ന് ഒരു കലാപം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. അവിടെ ചന്തയാണ് - മാർക്കറ്റ്. ആളുകൾ വരുന്നു; പോകുന്നു - രാജകുമാരന്മാരെപ്പോലെയുള്ളവർ, ചീഞ്ഞുനാറുന്നവരും. ഞാനും അതിന്നുള്ളിലേക്കു കടന്നു. പുല്പായ മുതൽ അണ്ടിപ്പരിപ്പുവരെ പല സാധനങ്ങളുമുണ്ട്. എന്താണ് വാങ്ങേണ്ടത്? എന്റെ കൈവശം ഒരണ ഏഴു പൈ ഉണ്ട്. പലതും എടുത്തുനോക്കി; ചിലതിന്നു വില ചോദിച്ചു, ആകെക്കൂടി നോക്കിയപ്പോൾ ഒന്നും വാങ്ങേണ്ടെന്നും വെച്ചു. അന്തിയിരുട്ടിന്നു മീതെ നിലാവു കുറേശ്ശ പരക്കുകയാണ്. ഇലക്ട്രിക് വിളക്കുകൾ കണ്ണുമിഴിച്ചു കഴിഞ്ഞു. ഞാൻ പതുക്കെ തെക്കുഭാഗത്തുള്ള മതിലിന്നടുത്തേക്കു നടന്നു. മതിലിന്റെയും എടുപ്പിന്റെയും ഇടയിലുള്ള ആ ഉടുക്കുവഴിയിലൂടെ അപ്പുറത്തേക്കു കടക്കുവാൻ ശ്രമിക്കുകയായിരുന്നു. പെട്ടെന്ന്, ഒരു ശബ്ദം.

''ഇങ്ങോട്ടു വരല്യേ.''

ഞാൻ തലയുയർത്തിനോക്കി. അവിടെ രണ്ടു തെണ്ടിപ്പെണ്ണുങ്ങൾ ഒരു നാറിയ മുണ്ട്, കഥകളിത്തിരശ്ശീലപോലെ, നിവർത്തിപ്പിടിച്ചു നില്ക്കുന്നതു കണ്ടു. ചപ്രത്തലമുടിയും, കീറത്തുണികളുമായി നില്ക്കുന്ന ആ രണ്ടു പെണ്ണുങ്ങളിൽ ഒരുവൾ ഇസ്ലാമാണ്. അവളുടെ തലയിലിട്ട തട്ടത്തിന്നിടയിലൂടെ ചിറ്റിട്ട് കമിഴ്ന്ന കാതുകൾ കാണാം. മറ്റേവൾ ഒരു ഹിന്ദുവാണ്. ഏതോ ഭ്രാന്തത്തികളാണെന്ന് ഓർത്തു ഞാൻ മുന്നോട്ടു തന്നെ നീങ്ങി.

''അയ്യോ, ഇങ്ങോട്ടു വരല്യേ.'' വീണ്ടും ആ ശബ്ദം.

''ഉം - ?'' - ഞാൻ അന്വേഷിച്ചു.

''ഇവിടെ നോവാണ്'' ആ ഹിന്ദുസ്ത്രീ പറഞ്ഞു.

''എന്ത്?''

''ഒരു പെണ്ണ് പെറ്വാണ്.''

''ഇവിടെയോ?'' ഞാൻ ചോദിച്ചുപോയി.

''പിന്നെ പെറാൻ മുട്ടിയാൽ പെറാതെ കയ്യോ എന്റെ അള്ളോ, ഈ ആണുങ്ങളെക്കൊണ്ടു വലഞ്ഞു.'' ആ മുഹമ്മദീയസ്ത്രീ ഒരു ശകാരത്തിൽ മറുപടി പറഞ്ഞു.

ഞാൻ നിന്നുപോയി. ആ മറയ്ക്കുള്ളിൽ നിന്നു ചില മുക്കലും മൂളലും ഞരക്കങ്ങളും കേട്ടു.

''ഉ-ം ഉ-ം ഉ-ം എന്റെ കർത്താവേ.... ഉം എന്റെ പുണ്യാവാളന്മാരേ.... ഉ-ം..... ഉ-ം....''

തിരിഞ്ഞു നടന്ന്, മാർക്കറ്റിനു മുൻപിൽ കിടക്കുന്ന ഒരു കല്ലിന്മേൽ കാൽ കയറ്റിവച്ചുകൊണ്ട് ഞാൻ നിന്ന് എന്തൊക്കെയോ ആലോചിച്ചുപോയി. ജനനം ഇത്ര ചീത്തയാണോ?..... പത്തു നിമിഷം! വേദന നിറഞ്ഞ പത്തു നിമിഷം. ആ വിറയ്ക്കുന്ന ഞരങ്ങലുകൾ കാതിൽ വന്നുതറച്ചു. മാംസം ചീന്തിച്ചീന്തിയെടുക്കുമ്പോഴത്തെ വേദന ആ ഞരക്കങ്ങളിൽ മുഴങ്ങി. ഒരു ഭയങ്കരമായ നിലവിളി കൂടി. പിന്നെ ശാന്തം. രണ്ടു നിമിഷം - കുട്ടിയുടെ കരച്ചിൽ കേട്ടു.

''കിള്ളേ കിള്ളേ.... കിള്ളേ''

ജീവിതത്തിന്റെ ആദ്യശബ്ദം! ഒരു മനുഷ്യൻ കൂടി ജനിച്ചു; ഒരു വോട്ടർകൂടിയായി.

ഞാൻ നേരെ മൈതാനത്തിലൂടെയാണ് നടന്നത്. അതിലൂടെ കടന്ന് അപ്പുറത്തേക്കുള്ള നിരത്തിൽ ചെല്ലണം. അസ്വസ്ഥമായ ഹൃദയം വിചാരങ്ങളിൽ നിന്ന് വിചാരങ്ങളിലേക്കു പാറി.

എനിക്കെതിരായി, രണ്ടു പോലീസുകാർ ഒരു ചെറുക്കനെ നടത്തിക്കൊണ്ടുവരുന്നുണ്ട്. ആദ്യം ഞാൻ ശ്രദ്ധിച്ചില്ല. അടുത്തു വന്നപ്പോൾ ഒന്ന് ഊന്നിനോക്കി. ഓ! ഞാൻ അറിയുമല്ലോ -

'പാകിസ്ഥാൻ'

ആ തെണ്ടിച്ചെറുക്കൻ ഒരു മുസ്ലീമാണ്. അവനെ ഞാനറിയും; ഞങ്ങൾ സുഹൃത്തുക്കളാണ്. ഞാൻ അവനെ 'പാകിസ്ഥാൻ' എന്നാണ് വിളിക്കാറ്; അവൻ എന്നെ 'സാർ' എന്നും. പാകിസ്ഥാൻ എനിക്ക് മുറുക്കാൻ, ബീഡി മുതലായവ വാങ്ങിക്കൊണ്ടുവന്നു തരാറുണ്ട്. ഞാൻ കാര്യവശാൽ പലേടത്തും അവനെ പറഞ്ഞയച്ചിട്ടുണ്ട്. കൈയിൽ കാശു കൊടുത്തിട്ടുണ്ട്. തികച്ചും വിശ്വാസ്യതയോടെയാണ് പെരുമാറിയിട്ടുള്ളത്. വല്ലപ്പോഴും രണ്ടു ബീഡിയോ, ഒരണയോ കിട്ടിയാൽ അയാൾ തികച്ചും തൃപ്തനായിരുന്നു. 'പാകിസ്ഥാൻ, നീ ഇസ്ലാമാണോ?' എന്നു ഞാൻ പലപ്പോഴും അവനോടു ചോദിച്ചിട്ടുണ്ട്. ആ പാവപ്പെട്ട പയ്യൻ ഒന്നു പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്യും. ''നീ നിസ്കരിക്കാറുണ്ടോ പാകിസ്ഥാൻ?'' എന്നു വീണ്ടും ചോദിച്ചാൽ അവൻ മറുപടി പറയുന്നതിങ്ങനെയാണ്:

''ഞമ്മള് പിന്നെ ലാത്തിരീല് കെടക്കുമ്പം പടച്ചോനെക്കൊള്ളെതേടും.''

''എന്താണു തേടുക?''

''പാകിസ്ഥാന് ഉമ്മയുണ്ടോ?''

''ഇല്ല. ക്ഷയം പിടിച്ചും മൗത്തായി.''

''ബാപ്പയുണ്ടോ?''

''യന്ത്രത്തിൽ കുടുങ്ങി.''

''എവിടെക്കുടുങ്ങി?''

''ബനിയൻ കമ്പനീലെ യന്ത്രത്തില് കുടുങ്ങീട്ട്, പിന്നെ, മരണപ്പെട്ട്. അപ്പൊ, ബാപ്പാന്റെ ഒരു തീർക്കിത്തൂവാലണ്ടാർന്നത് ഞാനെടുത്ത്.

''പാകിസ്ഥാന് ആരുമില്ലേ?''

''ഉണ്ട്. ഒരു പെങ്ങളുണ്ട്. ഓള് തോന്ന്യാസിയാ.''

''ഏ്''

''തോന്ന്യാസനം കാട്ടും. കണ്ണിക്കണ്ട ആങ്കുട്ട്യോളെകൂടെ ഒക്കെ നടക്കും. ഒടുക്കം അത്തറ് ബിക്കണ മൊയ്തീൻ കുട്ടിക്കാന്റെ കൂടെ ചാടിപ്പോയി....''

അങ്ങനെ, പാകിസ്ഥാൻ തന്റെ കുടുംബചരിത്രം പലതും എന്നോടു പറഞ്ഞിട്ടുണ്ട്. ആ വിധം ഒരു മൈത്രീബന്ധം വളർന്നുവന്നപ്പോൾ ഒരു ദി

## പ്രകാശനം
# വാത്സല്യം - പി. വത്സലയെ ഓർക്കുമ്പോൾ






**പൂ**ർണ പ്രസിദ്ധീകരിച്ച 'വാത്സല്യം - പി. വത്സലയെ ഓർക്കുമ്പോൾ' എന്ന പുസ്തകം ഡോ. സി. രാജേന്ദ്രൻ അധ്യക്ഷനായ ചടങ്ങിൽ സി. രാധാകൃഷ്ണൻ, ഡോ. കെ. വി. സജയക്ക് ആദ്യപ്രതി നൽകി പ്രകാശനം ചെയ്തു.
കെ. വി. സജയ്, ഡോ. കോ. വി. തോമസ്, യു. കെ. കുമാരൻ, കെ. ജി. രഘുനാഥ്, അപ്പുക്കുട്ടി മാസ്റ്റർ, വത്സലമോഹൻ, എൻ. ഇ. മനോഹർ, പി. പി. ശ്രീധരനുണ്ണി, കെ. എസ്. വെങ്കിടാചലം തുടങ്ങിയവർ സംസാരിച്ചു.
പി. വത്സലയെ അനുസ്മരിച്ചുകൊണ്ട് പ്രിയപ്പെട്ടവർ എഴുതിയ ലേഖനങ്ങളുടെ സമാഹാരമായ ഈ പുസ്തകം എഡിറ്റ് ചെയ്തത് പ്രദീപ് മാനന്തവാടിയാണ്.

വസം ഞാൻ ചോദിച്ചു:

''പാകിസ്ഥാന്ന് പഠിക്കണമെന്നുണ്ടോ?'' ഒരു പരിഹാസച്ചിരി. അതിന്നർത്ഥം, സാറിന് ഇമ്മാതിരി പിരാന്തു തോന്നണുണ്ടോആലോ എന്നാണ്. ഞാൻ തിരക്കിയപ്പോൾ അയാൾ പറഞ്ഞു:

''ഞമ്മക്കു ഷ്കോളിപ്പോകാൻ കായ്യിലല്ലോ. ഉണ്ടെങ്കിൽ പടിച്ച് ഇമ്മണി ബല്യ ആളായിന് – പോലീസ് ഇസ്പേട്ടരാവും.''

അങ്ങനെ, പോലീസ് ഇസ്പേട്ടരാവാൻ ആഗ്രഹിച്ച ആ സുഹൃത്തിനെ രണ്ടു സാധാരണ പോലീസുകാർ പിടിച്ചു കൊണ്ടു പോകുന്നതു കണ്ടപ്പോൾ ഞാൻ അമ്പരന്നുപോയി. പാകിസ്ഥാനും എന്നെ തിരിച്ചരിഞ്ഞു.

''സാറേ, സാറേ എന്നെ രച്ചിച്ചണേ....''

ഞാൻ പോലീസുകാരുടെ അടുത്തുചെന്നു. നല്ല രണ്ടു ചെറുപ്പക്കാരായിരുന്നു. അവർ കഥ ചുരുക്കിപ്പറഞ്ഞുതന്നു. പട്ടണത്തിലെ പ്രമാണപ്പെട്ട ഒരു ഹോട്ടലിൽനിന്നു 'പാകിസ്ഥാൻ' അഞ്ചു ലഡുവും, മൂന്നു ജിലേബിയും കട്ടുതിന്നിട്ടുണ്ട്. എന്നല്ല, നാലു ലഡു പൊതിഞ്ഞ് കൈയിലും വെച്ചിട്ടുണ്ടായിരുന്നു. ഈ അവസ്ഥയിലാണ് അയാളെ പിടിച്ചിട്ടുള്ളത്.

ഞാൻ പാകിസ്ഥാന്റെ നേരെ നോക്കി. ''പൈച്ചിട്ട് തിന്നതാണു സേറെ. ഇനി ഞമ്മല് കക്കൂല. രച്ചിച്ചാണേ.'' അവന്റെ കൊച്ചുകണ്ണിൽ വെള്ളം നിറഞ്ഞു.

ഞാൻ പോലീസുകാരുടെ മുഖത്തേക്ക് അപേക്ഷാപൂർണ്ണമായി ഒന്നു നോക്കി.

''ഇൻസ്പെക്ടർ പറഞ്ഞിട്ടാണ് ഇവനെ പിടിച്ചു കൊണ്ടുപോകുന്നത്. ഞങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയില്ല സേർ.''

അവർ മൂന്നുപേരും കടന്നുപോയി. പാകിസ്ഥാൻ കൂടെക്കൂടെ കരഞ്ഞു:

''സാറേ.... സാറേ.... സാറേ....''

ആ ബാലന്റെ രോദനം അങ്ങനെ നീങ്ങിനീങ്ങിപ്പോയി, മൈതാനത്തിന്റെ അറ്റത്തെ ശൂന്യതയിൽ ലയിച്ചു. ഓ! ജീവിതം ഇത്ര ഉപദ്രവകരമാണോ?

ടവർ ക്ലോക്ക് മുട്ടുന്നതു കേട്ട് ഞാൻ മുഖമുയർത്തിനോക്കി. ആ കൊടി അപ്പോഴും നിലാവിൽ ആടിയാടിക്കളിക്കുകയാണ്!

മൈതാനത്തിന്റെ മതിൽ ചാടിക്കടന്നു ഞാൻ ആസ്പത്രി നിരത്തിലേക്കു തിരിഞ്ഞു. മുൻപിൽ കണ്ട പാത വളഞ്ഞു പിരിഞ്ഞങ്ങനെ പോകുന്നു. നിരത്തുവക്കത്തുള്ള ഫലശൂന്യങ്ങളായ വൃക്ഷങ്ങൾക്കിടയിലൂടെ കാറ്റ് തേങ്ങിത്തേങ്ങിക്കൊണ്ടുപോയി.

ഒരു ഫർലോങ്ങ് നടന്നിട്ടുണ്ടാവും. പെട്ടെന്ന് ഓവുപാലത്തിന്നടുത്തായി നിരത്തിന്റെ ഓരത്തിൽ ഒരു സത്വം കിടക്കുന്നുണ്ട്. അരികത്തൊരു പട്ടിയുമുണ്ട്. ഞാൻ അടുത്തു ചെന്നു നോക്കി. നിലാവിൽ ആ രൂപം സ്പഷ്ടമായി കണ്ടു. കീറത്തുണി ചുറ്റിയ നിശ്ചേതനായ ഒരു മനുഷ്യശരീരം. ഒരു കിഴവനാണ്. മഹാത്മജിയോളം പ്രായമുണ്ടാവും. നരച്ച താടിയും, തലയും വളർന്നുനില്ക്കുന്നു. ഒരു ഉൾനാടൻ കൃഷിക്കാരന്റെ മട്ടുണ്ട്. ഉച്ചിയിൽ പാറിക്കളിക്കുന്ന കുടുമ അയാളൊരു ഹിന്ദുവാണെന്നു കാണിക്കുന്നു. ചിറി ഒരു വശത്തേക്കു കോടിയിട്ടുണ്ട്. കൈകാലുകൾ വെറങ്ങലിച്ചുപോയി. കൺകുഴികളിൽ നെയ്യുണ്ടപോലത്തെ പീള. ഓലനീക്കിയ കൂരപ്പുരയുടെ കഴുക്കോലുകൾപോലെ വാരിയെല്ലുകൾ തെളിഞ്ഞു കാണാം. കോടിയ വായുടെ ഒരരികിലൂടെ നുരക്കെട്ടുകൾ ഒലിച്ചു കിടന്നിരുന്നു. പട്ടി അതു നക്കുകയാണ്.

ഓ! മരണം ഇത്ര വൃത്തികെട്ടതാണോ?

നിരത്തുവക്കിലെ ഫലശൂന്യങ്ങളായ വൃക്ഷങ്ങൾക്കിടയിലൂടെ കാറ്റ് തേങ്ങിത്തേങ്ങി കടന്നുപോയി.

ഒരു മിനിറ്റ്. തിരിഞ്ഞു നടക്കുമ്പോൾ ഞാൻ നോക്കി; ചന്തയിൽ പെറ്റ ആ പുതിയ വോട്ടർ മുതൽ നിരത്തുവക്കത്തു ചത്ത ഈ തന്തവരെയുള്ളവർ ഈ രാജ്യക്കാരല്ലേ? അവർക്കു സ്വാതന്ത്ര്യമുണ്ടോ, ഉണ്ടായിരുന്നുവോ?

മുഖമുയർത്തിനോക്കിയപ്പോൾ ആ കൊടി നിഷേധാർത്ഥത്തിൽ തലയാട്ടുന്നതുപോേ.


വിളക്കുകാലിനടുത്തുവെച്ച് 'ഇന്നത്തെ കമ്പി വർത്തമാനം' വില്ക്കുന്ന ചെക്കൻ ഒരു പത്രം നീട്ടിക്കാട്ടി. ഒരണ ഏഴു പൈ കൈയിലുണ്ടല്ലോ. ഒരു പത്രം വാങ്ങി നിവർത്തിനോക്കിയപ്പോൾ കണ്ട തലക്കെട്ട് ഇതാണ്:

''മന്ത്രിസഭാകാര്യത്തിൽ നേതാക്കന്മാർ തമ്മിൽ വഴക്ക്.''

ആ കൊടി അപ്പോഴും നിഷേധാർത്ഥത്തിൽ തലയാട്ടുന്നതുപോലെ തോന്നി.

●

വായന



ഇ.പി. രാജഗോപാലൻ

# കവിയച്ഛന്റെ പൂരകസ്മൃതികൾ

വാക്കുകളുടെ മാത്രമല്ല, ഓർമ്മകളുടെയും മഹാബലിയാണ് പി. കുഞ്ഞിരാമൻ നായർ. ഓണവും തൃക്കാക്കരയും മാത്രമല്ല ആ ഓർമ്മയിൽ ഉള്ളത്. ഓർമ്മയിൽ ഭാവനയുണ്ടാക്കിയ വിചിത്രദീപങ്ങളും ഇരുട്ടിലെ വഴികളും പ്രതീകമൂല്യത്തോടെ ഉണ്ട്; നാനാതരം പക്ഷികളും മൃഗങ്ങളും മരങ്ങളും മനുഷ്യരും ചെടികളും ഒച്ചകളും ഉണ്ട്. അടുക്കളയിൽ നൂണു കടക്കുന്ന കാക്കകളും തൊടിയിലെ ഉറുമ്പുകളും തുമ്പകളും ചേർന്നതാണ് ഓണം എന്ന് പി. ഓർമ്മിക്കും. പാപങ്ങളെയും പിശകുകളെയും കൂടുതലായി ഓർമ്മിക്കാനാണ് പി. ആത്മകഥ എഴുതിയത്. ഓർമ്മകൾ എത്രയുമുള്ളതുകൊണ്ട് ഒന്നല്ല, മൂന്ന് ആത്മകഥകൾ എഴുതി. കവിതയിൽ എഴുതിയ ആത്മകഥകൾ അനേകം.

കുടുംബത്തിൽ കുടുങ്ങാതെ ജീവിച്ചതുകൊണ്ട്, പി. യെക്കുറിച്ചും പലർക്കും പല നിറങ്ങളിലുള്ള പല ആകാരങ്ങളിലുള്ള ഓർമ്മകൾ ഉണ്ട്. ഇവയ്ക്ക് നല്ല വില, സാംസ്കാരികമൂല്യം ഉണ്ടെന്ന് പി. ജീവിച്ച കാലത്ത് ആരും വേണ്ടത്ര തിരിച്ചറിയുകയുണ്ടായില്ല. പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷത്തിന്റെ വിഷയം പി. യുടെ ഓർമ്മകളിൽ ഉണ്ട് എന്നും അന്ന് പൊതുവെ തെളിഞ്ഞില്ല. ആലങ്കോട് ലീലാകൃഷ്ണന്റെ 'പി. യുടെ പ്രണയപാപങ്ങൾ' എന്ന പഠനഗ്രന്ഥത്തിൽ പി.യെ കുറിച്ചുള്ള ചില വിലപ്പെട്ട ഓർമ്മകൾ കൂടി ഉണ്ട്. ഓർമ്മകളെ തനത് മട്ടിൽ, കൗതുകവിഷയമായി അവതരിപ്പിക്കുകയല്ല, വിമർശനാത്മകമായി അവതരിപ്പിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്.


പലരുടെയും ഓർമ്മകൾ ശേഖരിച്ചു കൊണ്ട് ദീപേഷ് കരിമ്പുങ്കര എന്ന ഉത്സാഹിയായ അധ്യാപകൻ പി. യ്ക്ക് ഒരു സമാന്തര ജീവചരിത്രം സാധ്യമാക്കി. പലർ പി. യിൽ, പി. പലരിൽ എന്നതാണ് അതിലെ ആഖ്യാനതത്വം. പി.യുടെ ജീവിതത്തെ അടുത്തുകണ്ട ഇയ്യങ്കോട് ശ്രീധരനും ആലങ്ങാട് മുരളീധരനും വേറെ ഓർമ്മകളെ പുസ്തകങ്ങളായി ചിട്ടപ്പെടുത്തി.

പി. യുടെ മകനായ വി. രവീന്ദ്രൻ നായർ അച്ഛനുള്ള ഓർമ്മകൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഈ പരമ്പരയിൽ വരുന്ന ഒന്നാണ് 'ഓർമ്മകളിലെ കവിയച്ഛൻ' എന്ന പുസ്തകം. ഇത് പ്രധാനമായും പി. യുടെ മൂത്തമകളുടെ ഓർമ്മകളാണ്. അവർ പി. ജീവിച്ചതിനെക്കാൾ കൂടുതൽ കാലം ജീവിച്ചിരിക്കുന്നു. വി. ലീല അമ്മാൾക്ക് തൊണ്ണൂറ്റിനാല് വയസ്സായി. ഇക്കാലമത്രയും അവർ അച്ഛനെ ഓർത്തിട്ടുണ്ടാവും - പല സന്ദർഭങ്ങളിലൂടെ, വിചാരവഴികളിലൂടെ.

അവരുടെ മകൾ ജയശ്രീ വടയക്കളവും പൂരകസ്മൃതികളുമായി ഈ സമാഹാരത്തിൽ ഉണ്ട്. ഉത്തരവാദിത്വബോധവും സ്നേഹപരിഗണനകളും ഉള്ള അച്ഛൻ എന്ന പുതിയ ആശയമാണ് മകൾക്ക് അവതരിപ്പിക്കേണ്ട

ത്. അതിനവർക്ക് തനതായ യുക്തികളും ഉണ്ട്. ഇതൊക്കെച്ചേർന്ന്, പി. പലത് എന്ന അറിവ് ബലപ്പെടുന്നു.

എന്നാൽ ഈ ഗ്രന്ഥത്തിന്റെ മൗലികമായ പ്രാധാന്യം ഇത് ഒരു മൗനദേവതയുടെ കഥ കൂടിയാണ് എന്നതാണ്. പി. യുടെ ആദ്യപ്രണയിനി ('ധർമ്മപത്നി' എന്ന് അവതാരികയിൽ ബാലചന്ദ്രൻ ചുള്ളിക്കാട്) വി. കുഞ്ഞിലക്ഷ്മി അമ്മയുടെ, പി. മരിച്ച് മൂന്നുകൊല്ലം കഴിഞ്ഞ് മരിച്ച, ആ വിദുഷിയായ അമ്മയുടെ ഓർമ്മകൾ അതിൽ അസാധാരണമായ ലാളിത്യത്തോടെയും നാടകീയതയോടെയും തെളിഞ്ഞുവരുന്നു. പി.യെ പാഠവത്ക്കരിക്കാനുള്ള ഒരു സംവിധാനം എന്ന നിലയിൽ നിന്ന് മൂക്തമായ അസ്തിത്വം ഈ ഓർമ്മകൾക്ക് കൈവന്നിട്ടുണ്ട്. എഴുത്താളുകൾ അങ്ങനെ ചിന്തിച്ചിരിക്കണമെന്നില്ല. എന്നാൽ അവരുടെ സ്വന്തം സ്ത്രീപദവി അങ്ങനെയൊരു ആഖ്യാനമുണ്ടാകാനുള്ള കാരണവും അബോധപ്രേരണയുമായിത്തീർന്നിരിക്കുന്നു.




പ്രസിദ്ധമല്ലാത്ത ഈ ജീവിതം ഒരു പുതിയ അധ്യായമാണ്. വി. കുഞ്ഞിലക്ഷ്മി അമ്മ സ്വന്തം നിലയിൽ കഴിവുറ്റ എഴുത്തുകാരിയായിരുന്നു. സംസ്കൃതം വിദ്വാൻ ബിരുദം നേടിയിട്ടുമുണ്ട്. നല്ല ഉൾക്കാഴ്ചയുള്ള, സ്വതന്ത്രബുദ്ധി തെളിഞ്ഞുനിൽക്കുന്ന ഭാഷയിലുള്ള, ഒട്ടും പാണ്ഡിത്യപ്രകടനമില്ലാത്ത, ആത്മാർത്ഥത തുടിക്കുന്ന ലേഖനങ്ങൾ എഴുതിയിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ, അതിന്റെ ആദ്യകാലത്ത് വി. കുഞ്ഞിലക്ഷ്മി പ്രസിദ്ധീകരിച്ച ലേഖനങ്ങളിൽ മൂന്നെണ്ണം ഈ പുസ്തകത്തിൽ അനുബന്ധമായി കൊടുത്തിരിക്കുന്നു. (അക്കാലത്ത് പി. മാതൃഭൂമിയിൽ എഴുതിത്തുടങ്ങിയിട്ടില്ല എന്ന് അറിഞ്ഞിട്ടുണ്ട്.) പി. കവിയായി അംഗീകൃതനായ ശേഷം അവർ എഴുതിയിരുന്നോ എന്നറിയില്ല. ഏതായാലും ഒന്നും പ്രസിദ്ധീകരിച്ചിട്ടില്ല. കാരണം പ്രസിദ്ധമല്ല.

വി. കുഞ്ഞിലക്ഷ്മി അമ്മയെ, അവരുടെ ദീർഘമൗനത്തെ കണ്ടെടുക്കുന്നു എന്നതാണ്, ഒരുപക്ഷേ, ഈ പുസ്തകത്തിന്റെ ചരിത്രപരമായ പ്രസക്തി കൂട്ടുന്ന ഒന്ന്. സോഷ്യൽ ഫെമിനിസത്തിന്റെയും കൾച്ചറൽ ഫെമിനിസത്തിന്റെയും യുക്തികൾ വെച്ച് ഡീകോഡ് ചെയ്യേണ്ട നിരവധി സന്ദർഭങ്ങളും നിലപാടുകളും ഈ കൃതിയിൽ ഉണ്ട്. നടക്കാനിരിക്കുന്ന പി. പഠനങ്ങൾക്ക് പലപ്പോഴും സഹായകമാകാവുന്ന കാര്യങ്ങൾ ഇതിലുണ്ട്. വി. കുഞ്ഞിലക്ഷ്മി അമ്മ എന്ന വ്യക്തിത്വത്തിന്റെ വാക്കും മൗനവും ആ പ്രവർത്തനത്തിലും, ചിലപ്പോഴെങ്കിലും, ഇടപെട്ടേക്കും.

പി. കുഞ്ഞിരാമൻ നായർ എന്ന എഴുത്താളും കൂടുതൽ സങ്കീർണ്ണമായ വ്യക്തിത്വമാവുകയാണ്, ഈ കൃതിയുടെ പ്രകാശനത്തിലൂടെ.

*(പൂർണ പ്രസിദ്ധീകരിച്ച, 'ഓർമ്മകളിലെ കവിയച്ഛൻ' എന്ന പുസ്തകത്തെക്കുറിച്ച് ഇ.പി. രാജഗോപാലൻ)*

●

# പൂർണയിലേയ്ക്ക് രചനകൾ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

'പൂർണ'യിലേയ്ക്ക് പ്രസിദ്ധീകരണാർത്ഥം രചനകൾ അയയ്ക്കുന്നവർ അവയുടെ കോപ്പി സൂക്ഷിക്കേണ്ടതാണ്. പ്രസിദ്ധീകരണാർഹമല്ലാത്ത രചനകൾ ഒരു കാരണവശാലും തിരിച്ചുതരുന്നതല്ല. രചനകൾ അയയ്ക്കേണ്ട വിലാസം: പബ്ലിക്കേഷൻ വിഭാഗം, പൂർണ പബ്ലിക്കേഷൻസ്, ടി.ബി.എസ്. ബിൽഡിങ്സ്, ജി.എച്ച്. റോഡ്, മുതലക്കുളം, കോഴിക്കോട് - 1. ഫോൺ: 7560822223.




# പൂർണ സാഹിത്യ പുരസ്കാരങ്ങൾക്ക് രചനകൾ ക്ഷണിച്ചു

**കോ**ഴിക്കോട്: 'പൂർണ പബ്ലിക്കേഷൻസ്'ഏർപ്പെടുത്തിയ, 2024-ലെ പൂർണ-ഉറൂബ് നോവൽ അവാർഡിനും പൂർണ-ആർ. രാമചന്ദ്രൻ കവിതാ അവാർഡിനും രചനകൾ ക്ഷണിച്ചു. അപ്രകാശിത നോവലുകൾക്കാണ് 25,000 രൂപയും ശില്പവും പ്രശംസാപത്രവുമടങ്ങുന്ന പൂർണ-ഉറൂബ് അവാർഡ് നൽകുന്നത്. കയ്യെഴുത്തുപ്രതിയുടെയോ കമ്പോസ് ചെയ്ത രചനയുടെയോ മൂന്നു പ്രതികൾ ഹ്രസ്വമായ ബയോഡാറ്റ സഹിതം ജൂൺ 15-നകം അയയ്ക്കണം. രചയിതാവിന്റെ പേരും വിലാസവും പ്രത്യേകം കടലാസിൽ എഴുതണം. രചനകൾ ഒരു കാരണവശാലും തിരിച്ചയയ്ക്കുന്നതല്ല. അവാർഡ് നോവലും തിരഞ്ഞെടുക്കുന്ന മറ്റ് നോവലുകളും 'പൂർണ' റോയൽറ്റി അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കും.

കഴിഞ്ഞ രണ്ടു വർഷത്തിനിടെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ച കവിതാസമാഹാരങ്ങൾക്കാണ് 'പൂർണ'യും 'ആർ. രാമചന്ദ്രൻ അനുസ്മരണ സമിതി'യും ചേർന്ന് ആർ. രാമചന്ദ്രൻ കവിതാപുരസ്കാരം നൽകുക. 10,000/- രൂപയും ശില്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് അവാർഡ്. 2022 ജനുവരി ഒന്നു മുതൽ 2024 ഏപ്രിൽ ഒന്നുവരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച കവിതാസമാഹാരങ്ങളുടെ മൂന്നു കോപ്പികൾ മെയ് 15-നകം അയയ്ക്കുക. അവാർഡ് പരിഗണനയ്ക്ക് അയയ്ക്കുന്ന പുസ്തകങ്ങൾ തിരിച്ചയക്കുന്നതല്ല. വിലാസം: പ്രസിദ്ധീകരണ വിഭാഗം, പൂർണ പബ്ലിക്കേഷൻസ്, ടി.ബി.എസ്. ബിൽഡിങ്, ജി.എച്ച്. റോഡ്, മുതലക്കുളം, കോഴിക്കോട് – 673 001. ഫോൺ: 7560822223.

കവിത



# അമ്മത്തോന്നൽ

കാവാലം ശശികുമാർ

**ചി**തയടങ്ങീ, അടക്കുവാൻ കണ്ണുനീർ-
പ്പുഴയൊഴുക്കി ഞാൻ, സംയമം നേടുവാൻ-
വഴിയെ നിഷ്ഠയിൽ സഞ്ചയനാദികൾ
വ്രതവിശുദ്ധിയിൽ ചെയ്തനുഷ്ഠിച്ചതും
തെളിനീർ,ഗോമയം പിന്നിളനീരതും
പൊരുളിലാക്കിയഗ്ഗംഗാംബു തന്നെയും.
വെറുതെ!, തീയണച്ചേക്കാം ചിതയിലെ;
ഹൃദയതാപം കെടുത്തുവാൻ പോരതും.

പെരിയ സങ്കടം നെഞ്ചിലിട്ടമ്മ നീ
ഉരിയെ നാമസങ്കീർത്തനം ചൊല്ലിയും
ചെറിയ വാഴനാരിൽക്കോർത്ത പൂക്കളാൽ
ഹൃദയമമ്മേ വിളക്കതിൽ ചാർത്തിയും
അരുതരുതരുതെന്മകനൊന്നുമെ-
ന്നധിക നിശ്ചയം കൊണ്ടങ്ങൊളിച്ചതിൽ-
ച്ചിലതു ഞാൻ കാൺകെ,യൊക്കെ ശ്ശരിയാകു
മറിയരുതാരു,മെന്ന് ശാസിച്ചതും
വരികയാണിന്ന് തിക്കിത്തിരക്കിയെൻ
മുറിയിലായ്, വീർപ്പു മുട്ടുകയാണു ഞാൻ.

നിറയെ സങ്കടം ചേർക്കുവാനാകുമോ
മരണമില്ലാതെ ഓർമ്മയെ സൃഷ്ടിച്ചു!
മറവിയാണോ മരണം? മരിക്കാത്ത
മനസിനൊക്കെയും സ്വാസ്ഥ്യം ജനിക്കണേ

മനസടക്കാൻ പലപ്പൊഴും, നീ ചൊന്ന-
മഹിത മൗനവും മന്ത്രവും പോന്നിടാ.

മധുരമിറ്റിച്ച് ചുണ്ടിൽപ്പടർത്തുന്ന
സ്മരണയുംകൂടി ഇല്ലാതെ പോവുകിൽ!
അരുത് വേണ്ടെനിക്കുത്തരം സ്വാസ്ഥ്യങ്ങൾ,
മധുരമിത്തിരി, കയ്പ്പൊക്കെ മാറ്റിടും.

ഇരുകരയ്ക്കലും പോകാതെ മുക്തിയി-
ല്ലിരുകരകളില്ലാതില്ലൊഴുക്കില്ല
നദി കടക്കുവാൻ നീന്തണം, നീന്തുവാൻ
ഇരു കൈകാലുകൾ തല്ലിപ്പതയ്ക്കണം.

ഇതു പഠിപ്പിച്ചു തത്വം, പ്രയോഗിക്കെ
പല കവിൾ വെള്ളമന്നേ കുടിച്ചു ഞാൻ!
അതുമൊരു പാഠമമ്മേ മുലപ്പാലിൻ
മധുരമോടൊത്ത ജീവിത ശാസ്ത്രമായ്.


മുതല വന്നു പിടിക്കുമോ? ശങ്ക നീ,
'പെരിയ ശങ്കരവൃത്തം' നിരത്തിയും
ഒളിയിരിക്കുന്നതൊക്കെയും കാണുവാ-
നൊരു മനക്കണ്ണ് വേണ്ടതും ചൊല്ലിയോ.

പലയിടങ്ങളിൽ, ഞാൻ സ്വയം തീർക്കുന്ന
പടുകുഴിയിലും, വീഴുമ്പൊഴമ്മ നീ,
പല വഴിക്കെനിക്കുണ്ടായൊരുന്നതി-
പ്പടിയിൽ ഞാൻ കേറി നിൽക്കുമ്പൊഴൊക്കെയും
പതിവുപോലങ്ങു ജീവിച്ചു നിത്യവും!
പറയുവാൻ പണി സിദ്ധിയോ ശക്തിയോ

കരുതലോടെ നിൻ ശേഷിപ്പ്, ഭൗതികം,
കറയൊലിക്കും മരത്തിൽ ഞാൻ തൂക്കവേ,
മുല ചുരത്തിക്കിടന്നുവോ, ചുണ്ടിലാ
രുചികിനിഞ്ഞതായ് തോന്നിയതാവുമോ!

ഒരു തകർച്ചതൻ തേങ്ങലായ്, നീറ്റലോ-
ടൊരു നറുംകുടം പിന്നിലേക്കായ്ക്കിട്ടുടൻ
പുഴയിൽ മുങ്ങിക്കരയ്ക്കന്നു കേറവേ
കഴലിലമ്മതൻ കൈയുഴിഞ്ഞെത്തിയോ!
വഴുതിടാതെന്റെ കാലിൽക്കരുത്തിനായ്
തഴുകിയോ അമ്മ, തോന്നലാരുന്നുവോ

കരയിലേറിക്കയത്തിൽ നോക്കീടവേ
ചൊടിയിലെത്തിയ നീരിലെയുപ്പു നിൻ-
ചുടു വിയർപ്പോ, കരച്ചിൽ നനച്ചതോ!
ചപലമാമെൻ മനസ്സിന്റെ തോന്നലോ



# പ്രകാശനങ്ങൾ

## ഓർമ്മകളിലെ കവിയച്ഛൻ






**പൂ**ർണ പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച മഹാകവി പി. കുഞ്ഞിരാമൻ നായരുടെ വ്യക്തി ജീവിതത്തെക്കുറിച്ച് മകൾ ലീലാ അമ്മാളും കൊച്ചു മകൾ ജയശ്രീ വടയക്കളവും ചേർന്നെഴുതിയ ഓർമ്മകളിലെ കവിയച്ഛൻ പുസ്തകം ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ പ്രൊഫ. എം.കെ. സാനു കവി ആലങ്കോട് ലീലാകൃഷ്ണന് നൽകി പ്രകാശനം ചെയ്തു. ഡോ.പി.വി. കൃഷ്ണൻ നായർ അധ്യക്ഷനായി .ഇ.പി രാജഗോപാലൻ പുസ്തക പരിചയം നടത്തി. ലീല അമ്മാൾ, ജയശ്രീ വടയക്കളം, പി. പ്രകാശ്, കവി. പി. രാമൻ എന്നിവർ പങ്കെടുത്തു.


## 'വിശുദ്ധസസ്യങ്ങളും വ്രതങ്ങളും'

**ഗോ**വ രാജ്ഭവനിൽ നടന്ന വൃക്ഷവൈജ്ഞാനിക സദസ്സിൽ പായിപ്ര രാധാകൃഷ്ണൻ രചിച്ച് പൂർണ പ്രസിദ്ധീകരിച്ച 'വിശുദ്ധസസ്യങ്ങളും വ്രതങ്ങളും' എന്ന പുസ്തകം കേന്ദ്രസാഹിത്യഅക്കാദമി വൈസ് പ്രസിഡണ്ട് പ്രൊ. കുമുദ്ശർമ, ഗോവ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഹരിലാൽ മേനോനു നൽകി പ്രകാശനം ചെയ്തു. ആർട്ടിസ്റ്റ് മദനൻ, ഗവർണറുടെ പ്രൈവറ്റ് സെക്രട്ടറി വത്സരാജ് എന്നിവർ സമീപം.



## 'ഓനിക്കൊരു മട്ടൻബിരിയാണി ഞമ്മക്കൊരു കട്ടൻചായ'





ലൂക്കോസ് ലൂക്കോസ് രചിച്ച്പൂർണ പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ഓനിക്കൊരു മട്ടൺ ബിരിയാണി ഞമ്മക്കൊരു കട്ടൻചായ എന്ന ഓർമ്മക്കുറിപ്പുകളുടെ പുസ്തകം നടൻ ജോയ് മാത്യു അളകാപുരി ജൂബിലി ഹാളിൽ വെച്ച് മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ പി.ജെ. ജോഷ്വയ്ക്ക് നൽകി പ്രകാശനം ചെയ്തു.

കാലിക്കറ്റ് സെൻട്രൽ റോട്ടറി ക്ലബ് പ്രസിഡന്റ് അൻവർ സാദത്ത് അധ്യക്ഷനായി. സംവിധായകൻ വി.എം. വിനു, എൻ.ഇ. മനോഹർ, വിനോദ് സിറിയക് ,ഡോ.എ.എം. ഷെരീഫ്, റാഫി ദേവസ്യ, ആർ.ഉണ്ണി,ഷാജൻ വർഗീസ്, എൻ.രാജേഷ് കുമാർ, തോമസ് ലൂക്കോസ്, സോഫി ലൂക്കോസ്, തൊമ്മൻ ലൂക്കോസ് തുടങ്ങിയവർ പങ്കെടുത്തു.

## മൂന്ന് പതിപ്പുകളിലായി
# 1,25,000 കോപ്പികൾ
## വിറ്റഴിഞ്ഞ സചിത്രപുസ്തകസഞ്ചയം!

# കിലുക്കാംപെട്ടി

### കുരുന്നുകൾക്ക് 10 സചിത്രപുസ്തകങ്ങൾ

**ഡോ. കെ. ശ്രീകുമാർ**

ചിത്രീകരണം :
വെങ്കി, ടി. ആർ. രാജേഷ്, സചീന്ദ്രൻ കാറഡുക്ക, സുധീർ.പി.വൈ, ജയകൃഷ്ണൻ.

**മൾട്ടികളർ, ആർട്ട്പേപ്പർ**


ചായക്കുട്ടി
₹ 75.00


എലിവാല് പുലിവാല്
₹ 75.00



കണ്ടു കണ്ടു കണ്ട്
₹ 60.00


കഥ ഉണ്ടായ കഥ
₹ 75.00


പൂച്ചക്കുറിഞ്ഞ്യാര്
₹ 75.00


അണ്ണാറക്കണ്ണാ പൂവാലാ
₹ 60.00


കുഞ്ഞിപ്പട്ടം
₹ 75.00


ഇത്തിരിത്തുമ്പ
₹ 60.00


വീടു വലുതാവുന്നു
₹ 75.00


ചെറിയ വലിയ കാര്യങ്ങൾ
₹ 75.00

**മുഖവില 705/-**
**പ്രത്യേകവില 530/- മാത്രം**

9746473334ൽ
വിളിക്കൂ
പുസ്തകം വീട്ടിലെത്തും
(തപാൽ ചാർജ് സൗജന്യം)

## പൂർണ പബ്ലിക്കേഷൻസ്
ഫോൺ : 9746473334
www.tbsbook.com

POORNASREE MONTHLY

Date of Publication : 02 April 2024
REGISTERED RNI KERMAL/2007/29677
Registered No KL/CT/143/2022-2024

Price: ₹5
License No. KL/PMG/NR/WPP/48/KKD/2022-2024
Licence to Post without Pre Payment


# സമ്മാനപ്പൊതി 8
## സീസൺ

ജനറൽ എഡിറ്റർ:
**ഡോ. കെ. ശ്രീകുമാർ**





## പ്രശസ്ത എഴുത്തുകാരുടെ 22 മികച്ച ബാലസാഹിത്യകൃതികൾ!

| | | |
|---|---|---|
| **ചുപ്പാമണി** (കഥ) | സി. രാധാകൃഷ്ണൻ | 65.00 |
| **വരൂ, ശാസ്ത്രജ്ഞരാവാം** (വൈജ്ഞാനികം) | പ്രൊഫ. എസ്. ശിവദാസ് | 160.00 |
| **ഗരുഡകഥകൾ** (പുനരാഖ്യാനം) | സിപ്പി പള്ളിപ്പുറം | 110.00 |
| **ഗണേശകഥകൾ** (പുനരാഖ്യാനം) | മലയത്ത് അപ്പുണ്ണി | 65.00 |
| **മാൾട്ടി** (കഥ) | വി.കെ. ശ്രീരാമൻ | 125.00 |
| **അച്ഛൻ പറഞ്ഞതും മകൻ അറിഞ്ഞതും** (വൈജ്ഞാനികം) | പി.കെ. ഗോപി | 95.00 |
| **മാന്ത്രികപ്പട്ടം** (നോവൽ) | വീരാൻകുട്ടി | 65.00 |
| **വൈകിവിടർന്ന മയിൽപ്പീലികൾ** (നോവൽ) | ജനു | 100.00 |
| **ഡ്രാക്കുളയുടെ നിധി** (നോവൽ) | ബിമൽകുമാർ രാമങ്കരി | 150.00 |
| **പൂങ്കിണ്ണം** (കവിത) | അസുരമംഗലം വിജയകുമാർ | 85.00 |
| **കുട്ടനും കുട്ടിക്കുരങ്ങനും** (നോവൽ) | വെണ്ണല മോഹൻ | 120.00 |
| **നിലാവിന്റെ തട്ടം** (കവിത) | ഇ. ജിനൻ | 85.00 |
| **മാനം തൊടുന്ന മരം** (കഥ) | സുനിൽ പി. മതിലകം | 55.00 |
| **പെൻസിലും ജലറാണിയും** (കഥ) | ആഗ്ന യാമി | 65.00 |
| **നിമീലിത** (നോവൽ) | ഡോ. സുഷമ ബിന്ദു | 75.00 |
| **കാണാക്കാഴ്ചകൾ** (കഥ) | രാധികാദേവി റ്റി.ആർ. | 95.00 |
| **ആകാശപ്പഞ്ഞികൾ** (നോവൽ) | ഷസിയ | 65.00 |
| **അമ്പിളിയുരുളി** (കവിത) | സി. സാന്ദീപനി | 85.00 |
| **പ്രകൃതിപാഠം** (നോവൽ) | രമേഷ് വട്ടിങ്ങാവിൽ | 75.00 |
| **ലീഡർ ആമി** (നോവൽ) | ബീന മേലഴി | 55.00 |
| **അക്ഷരലഹരി** (ജീവചരിത്രം) | അഞ്ജലി രാജീവ് | 105.00 |
| **ഗോപ** (നോവൽ) | ഡോ. കെ. ശ്രീകുമാർ | 100.00 |

**22 പുസ്തകങ്ങളടങ്ങുന്ന സെറ്റിന്**

മുഖവില **₹2000**

പ്രത്യേക വില **₹1500**


കവർ ചിത്രം : **എൻ.ജി. സുരേഷ് കുമാർ**  കവർ ഡിസൈൻ : **രാജേഷ് ചാലോട്**  ചിത്രീകരണം : **അനിത ജിതിൻ**

Printed, Published, Edited, Owned by N.E. Manohar, Deepam, P.O. Puthiyara, Kozhikode-673004,
Published from TBS Building, G H Road, Kozhikode-673001,Kerala & Printed at Printarts Offset ,Feroke, Calicut